<u>**പതിനാലാം കേരള നിയമസഭ**</u>

<u>**ഇരുപത്തിരണ്ടാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1059 14/01/2021-ൽ മറുപടിക്ക്

## <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് നടപടി</u>

| <u>**ചോദ്യം**</u><br>ശ്രീ.എം.ഉമ്മർ | | <u>**ഉത്തരം**</u><br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിലെ ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ കൂടുതൽ സൗഹാർദ്ദപരവും ഗുണപരവുമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയും സ്വന്തം ജോലികൾ കൂടുതൽ കാര്യക്ഷമതയോടെ ചെയ്യുന്നതിനുവേണ്ടിയും ഐ.എം.ജി, കിലെ എന്നീ സ്ഥാപനങ്ങൾ വഴി നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികളും ആവലാതികളും പരിഹരിക്കുന്നതിന് കൂടുതൽ മാന്യമായും കാര്യക്ഷമമായും ജനോപകാര പ്രദമായും വകുപ്പിലെ ജീവനക്കാർ കൂടുതൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.<br>കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യ-മായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) മുഖാന്തരം നെറ്റ്‌വർക്ക് കണക്ഷനും ലഭ്യമാക്കുക-യുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പി-ക്കുകയും ആയതിന്റെ സേവനം 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്-ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br><br>മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.<br><br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസു-കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 100 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള 9 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്.<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ മെച്ചപ്പെട്ട |

| | | | |
|---|---|---|---|
| | | | രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതികസൗകര്യങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.<br>സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി www.jobfest.kerala.gov.in എന്ന ഒരു വെബ്സൈറ്റ് വികസിപ്പിച്ച് അത് മുഖാന്തിരം മെഗാ ജോബ് ഫെയറുകളും മിനി ജോബ് ഫെയറുകളും മേഖലാ തലത്തിലും ജില്ലാതലത്തിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോകൾ മുഖാന്തിരവും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി അട്ടിമറിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സീനിയോറിറ്റി അട്ടിമറിച്ചതായുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ സീനിയോറിറ്റി അട്ടിമറിച്ച-തായി കണ്ടെത്തിയിട്ടില്ല. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർ-വത്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പി-ക്കുകയും ആയതിന്റെ സേവനം 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 100 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള 9 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്. |

Kavitha T

**സെക്ഷൻ ഓഫീസർ**